ഹയർ സെക്കൻററി വിദ്യാഭ്യാസ

ഡയറക്റ്ററുടെ കാര്യാലയം

ഹൗസിങ് ബോർഡ്

ബിൽഡിംഗ്

തിരുവനന്തപുരം–1

നംബർ. ICT Cell/1771/1/HSE/2017 03/06/2017

# പത്രക്കുറിപ്പ്

## ഹയർസെക്കണ്ടറി ഏകജാലകപ്രവേശനം 2017 :

## അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി ജൂൺ 6

ഹയർസെക്കണ്ടറി ഒന്നാം വർഷ പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി ജൂൺ 6 ന് വൈകിട്ട് 5 മണിവരെ ആണ്. സി.ബി.എസ്.ഇ. അപേക്ഷകരിൽ ബോർഡ് തല പരീക്ഷയിൽ യോഗ്യത നേടുന്നവരെ മാത്രമെ ഏകജാലക പ്രവേശനത്തിനുള്ള മുഖ്യ അലോട്ട്മെൻറുകളിലേയ്ക്ക് പരിഗണിക്കുകയുള്ളു. ഓൺലൈനായി സമർപ്പിച്ച അപേക്ഷകളുടെ പ്രിൻറൗട്ട് അനുബന്ധരേഖകൾ സഹിതം സ്കൂളിൽ വെരിഫിക്കേഷനായും സമർപ്പിക്കുവാനുള്ള അവസാന തീയതിയും ജൂൺ 6 വൈകിട്ട് 5 മണിവരെയാണെന്നും ഹയർസെക്കണ്ടറി ഡയറക്ടർ അറിയിച്ചു. സ്കൂൾ അധികാരികൾ വിദ്യാർഥി ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ കൃത്യത ഉറപ്പാക്കുന്നതാണ്. അപ്രകാരം ഉറപ്പ് വരുത്തിയ അപേക്ഷകൾ മാത്രമേ അലോട്ട്മെൻറ് പ്രക്രിയയ്ക്ക് പരിഗണിക്കുകയുള്ളൂ.

സ്പോർട്സ് ക്വാട്ട പ്രവേശനത്തിൻെറ ഒന്നാം ഘട്ടമായ സ്പോർട്സ് മികവ് രജിസ്ട്രേഷൻ ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ജൂൺ 5 ന് വൈകിട്ട് 5 മണി വരെയാണ്. രണ്ടാം ഘട്ട സ്പോർട്സ് ഓൺലൈൻ അപേക്ഷാ സമർപ്പണത്തിനുള്ള അവസാന തീയതി ജൂൺ 6 ന് വൈകിട്ട് 5 മണിവരെ ആണെന്നും ഹയർസെക്കണ്ടറി ഡയറക്ടർ അറിയിച്ചു.

ഡയറക്ടർ